©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ജൂലൈ 08
08th July 2026
1201 മിഥുനം 24
24th Mithunam 1201
1948 ആഷാഢം 17
17th Ashadha 1948

നമ്പർ
No.
2027

കേരള സർക്കാർ

റവന്യൂ (സി) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.221/2026/റവ *തീയതി, തിരുവനന്തപുരം, 2026 ജൂലൈ 01.*

എസ്. ആർ. ഒ. നമ്പർ 628/2026

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ദേവസ്വം ടൈബ്യൂണൽ ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുള്ള മലപ്പുറം ജില്ലയിൽ, ടി ചുമതല ഭൂപരിഷ്കരണ ഡെപ്യൂട്ടി കളക്ടർ ആണ് നിർവഹിച്ചു വരുന്നത്. ലാൻഡ് ടൈബ്യൂണലുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കുപുറമെ മറ്റ് ചുമതലകൾ കൂടി നിർവഹിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ ദേവസ്വം ടൈബ്യൂണൽ ഫയലുകൾ തീർപ്പാക്കുവാൻ താമസം നേരിടുന്നതായും ആയതിനാൽ, ജില്ലയിലെ ശേഷിക്കുന്ന ദേവസ്വം ടൈബ്യൂണൽ ഫയലുകൾ തിർപ്പാക്കുന്നതിലേക്കായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ജില്ലയിലെ ഡെപ്യൂട്ടി കളക്ടർമാർക്ക് താലൂക്ക് അടിസ്ഥാനത്തിൽ അധികച്ചുമതല നൽകാവുന്നതാണെന്നും അപ്രകാരം ടി വിഷയങ്ങളിൽ സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണെന്നുമുള്ള ശിപാർശ ലാൻഡ് ബോർഡ് സെക്രട്ടറിയും ലാൻഡ് റവന്യൂ കമ്മീഷണറും സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. മേൽ ശിപാർശകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ദേവസ്വം ടൈബ്യൂണൽ ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുള്ള മലപ്പുറം ജില്ലയിൽ, ലാൻഡ് ദേവസ്വം ടൈബ്യൂണലിലെ അവശേഷിക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുക എന്ന ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിക്കുന്നതിനായി, നിലവിൽ പ്രസ്തുത ചുമതല നിർവഹിച്ചുവരുന്ന ഭൂപരിഷ്കരണ ഡെപ്യൂട്ടി കളക്ടർക്ക് പുറമെ ജില്ലയിലെ മറ്റ് ഡെപ്യൂട്ടി കളക്ടർമാർക്ക് കൂടി ലാൻഡ് ദേവസ്വം ടൈബ്യൂണലുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ അധിക ചുമതല, താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കും വിധം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഡെപ്യൂട്ടി കളക്ടർ എൽ എ (എൻ എച്ച് 66) കുറ്റിപ്പുറം	പൊന്നാനി
ഡെപ്യൂട്ടി കളക്ടർ (എൽ ആർ)	തിരൂരങ്ങാടി
ഡെപ്യൂട്ടി കളക്ടർ (ആർ ആർ)	കൊണ്ടോട്ടി നിലമ്പൂർ
ഡെപ്യൂട്ടി കളക്ടർ (ഡി എം)	തിരൂർ
ഡെപ്യൂട്ടി കളക്ടർ (എൽ.എ. എയർ പോർട്ട് കരിപ്പൂർ)	പെരിന്തൽമണ്ണ
ഡെപ്യൂട്ടി കളക്ടർ (എൽ എ)	ഏറനാട്

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),
ജീവൻ ബാബു കെ.
സ്പെഷ്യൽ സെക്രട്ടറി(റവന്യൂ)

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. പക്ഷേ അതിന്റെ പൊതുവായ ഉദ്ദേശ്യം സൂചിപ്പിക്കുന്നതിനായാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്)

കേരളത്തിൽ ഏറ്റവും കൂടുതൽ ദേവസ്വം ലാൻഡ് ടൈബ്യൂണൽ ഫയലുകൾ തീർപ്പാക്കാനുള്ളത് മലപ്പുറം ജില്ലയിലാണ്. നിലവിൽ ഈ കേസുകൾ തീർപ്പാക്കാനുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നത് ജില്ലയിലെ ഭൂപരിഷ്കരണ ഡെപ്യൂട്ടി കളക്ടറിലാണ്. ദേവസ്വം ലാൻഡ് ടൈബ്യൂണൽ കേസുകൾ ഒരു ഉദ്യോഗസ്ഥനെ കൊണ്ട് മാത്രം സമയബന്ധിതമായി പൂർണ്ണമായി തീർപ്പാക്കുക എന്നത് അപ്രായോഗികമായതിനാൽ ജില്ലയിലെ മറ്റു ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി ലാൻഡ് ടൈബ്യൂണൽ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള അധിക ചുമതല താലൂക്ക് അടിസ്ഥാനത്തിൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.08 03:09:39 +05:30